# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1413** **30.01.2018-ന് മറുപടിയ്ക്ക്**

**ആലുവ വെള്ളാരപ്പിള്ളി തെക്കേ കോവിലകം**

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത് | | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആലുവ നിയോജക മണ്ഡലത്തിലെ വെള്ളാരപ്പിള്ളി തെക്കേ കോവിലകം സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുവാൻ ആവശ്യമായ എന്തെല്ലാം നടപടികൾ എറണാകുളം ജില്ലാഭരണകൂടം സ്വീകരിച്ചിട്ടുണ്ട്; | (എ) | 19/01/2017-ലെ സ.ഉ (സാധാ) നം.19/2017/സി.എ.ഡി പ്രകാരം എറണാകുളം ജില്ലയിലെ ആലുവ താലൂക്കിലെ കിഴക്കുംഭാഗം വില്ലേജിലെ ബ്ലോക്ക്-29 റീ സർവ്വേ 59-ലെ 5 ഏക്കർ 57 സെന്റ് സ്ഥലത്തിൽപ്പെട്ട വെള്ളാരപ്പിള്ളി തെക്കേ കോവിലകം, 1968-ലെ പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം സംരക്ഷിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം സർവ്വേ ചെയ്ത് അളന്ന് തിരിച്ചതിനുശേഷം 5 ഏക്കർ 57 സെന്റ് ഭൂമിയിലെ പുതിയ കെട്ടിടങ്ങൾ ഒഴിവാക്കിയ ഭൂമിയുടെയും കോവിലകത്തിന്റെയും വിവരം, നിശ്ചിത പ്രൊഫോർമയിൽ, വിജ്ഞാപനം, ഇംഗ്ലീഷിലും മലയാളത്തിലും ഒരുപോലെ രേഖപ്പെടുത്തി, വിസ്തൃതി മെട്രിക് അളവിൽ രേഖപ്പെടുത്തി സർവ്വെ നമ്പർ, അതിർത്തി, വസ്തുക്കളുടെ കൈവശക്കാരുടെ സർവ്വെ നമ്പർ ഉൾപ്പെട്ട പേരുവിവരം, എഫ്.എം..ബി സ്കെച്ച്, പ്ലാൻ എന്നിവ തയ്യാറാക്കി സമർപ്പിക്കുവാൻ ആലുവ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭൂമി അളന്നു തിട്ടപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സർവ്വെ ജീവനക്കാരെ ആരെങ്കിലും തടസ്സപ്പെടുത്തിയിട്ടുണ്ടോ; | (സി) യും (ഡി) യും | ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സർവ്വെ ജീവനക്കാരെ തടസ്സപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ തടസ്സപ്പെടുത്തിയവർക്ക് എതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ